എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا
تَقُمْ عَلَىٰ قَبْرِهِۦٓ ۖ إِنَّهُمْ كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ وَمَاتُوا۟ وَهُمْ
فَٰسِقُونَ ﴿٨٤﴾
وَلَا تُعْجِبْكَ أَمْوَٰلُهُمْ وَأَوْلَٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ أَن يُعَذِّبَهُم بِهَا فِى
ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَٰفِرُونَ ﴿٨٥﴾
وَإِذَآ أُنزِلَتْ سُورَةٌ أَنْ ءَامِنُوا۟ بِٱللَّهِ وَجَٰهِدُوا۟ مَعَ رَسُولِهِ ٱسْتَـْٔذَنَكَ أُو۟لُوا۟
ٱلطَّوْلِ مِنْهُمْ وَقَالُوا۟ ذَرْنَا نَكُن مَّعَ ٱلْقَٰعِدِينَ ﴿٨٦﴾
رَضُوا۟ بِأَن يَكُونُوا۟ مَعَ ٱلْخَوَالِفِ وَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ
﴿٨٧﴾

**84.** ഭാവിയിൽ, അക്കൂട്ടത്തിൽ മരണപ്പെടുന്ന ആർക്കുവേണ്ടിയും നീ മയ്യിത്തു നമസ്കാരം നടത്തുകയോ അവരുടെ ഖബറിന്നരികിൽ പ്രാർഥിക്കുകയോ ചെയ്യേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ച് ധർമധിക്കാരികളായി മരിച്ചവരാണവർ.

**85.** അവരുടെ സമ്പൽസമൃദ്ധിയിലും സന്താനസൗഭാഗ്യത്തിലും നീ ആകൃഷ്ടനാകേണ്ട. അവരെ ഈ ലോകത്തുവെച്ച് ശിക്ഷിക്കണമെന്നും സത്യനിഷേധികളായിത്തന്നെ ജീവനൊടുക്കണമെന്നുമാകുന്നു അല്ലാഹു ഉദ്ദേശിക്കുന്നത്.

**86.** അല്ലാഹുവിൽ നിഷ്കളങ്കമായി വിശ്വസിക്കുകയും ദൈവദൂതനോടൊപ്പം ധർമസമരത്തിലേർപ്പെടുകയും ചെയ്യുവിൻ എന്നാഹ്വാനം ചെയ്യുന്ന ഒരു സൂറ അവതരിച്ചാൽ അവരിൽ കഴിവുള്ളവരൊക്കെയും നിന്നോടു വിടുതൽ തേടുകയായി; ഞങ്ങളെ വീട്ടിലിരിക്കുന്നവരോടൊപ്പം കഴിഞ്ഞുകൊള്ളാൻ അനുവദിക്കേണമേ എന്നപേക്ഷിക്കുകയുമായി.

**87.** സമരത്തിൽ പങ്കെടുക്കാനാവാത്ത അവശവിഭാഗങ്ങളോടൊപ്പം കഴിയാനാണവരിഷ്ടപ്പെട്ടത്. അവരുടെ ഹൃദയങ്ങൾ അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു. അതിനാൽ ഇനിയവർ യാതൊന്നും ഗ്രഹിക്കുകയില്ല.

وَلَا تُصَلِّ= (ഭാവിയിൽ) നീ (മയ്യിത്ത്) നമസ്കരിക്കേണ്ടതില്ല (നമസ്കാരം നടത്തുകയോ)
عَلَىٰٓ أَحَدٍ مِّنْهُم مَّاتَ= അവരിൽ മരിച്ച ഒരുവനു (ആർക്കു) വേണ്ടിയും أَبَدًا= ഒരുകാലത്തും, ഒരിക്കലും
وَلَا تَقُمْ= നീ നിൽക്കേണ്ടതും ഇല്ല(പ്രാർഥിക്കുകയോ ചെയ്യേണ്ടതില്ല)
عَلَىٰ قَبْرِهِۦٓ= അവന്റെ (അവരിൽ ആരുടെയും) ഖബറിന്മേൽ(ഖബ്റിന്നരികെ) إِنَّهُمْ= എന്തുകൊണ്ടെന്നാൽ അവർ
كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ= അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ചു وَمَاتُوا۟= അവർ മരിച്ചു(മരിച്ചവരാകുന്നു)
وَهُمْ فَٰسِقُونَ= അവർ ധർമധിക്കാരികളായ നിലയിൽ وَلَا تُعْجِبْكَ= നിന്നെ ആകർഷിക്കേണ്ട (നീ ആകൃഷ്ടനാകേണ്ട)

أَمْوَٰلُهُمْ = അവരുടെ മുതലുകൾ(സമ്പൽ സമൃദ്ധിയിൽ) وَأَوْلَٰدُهُمْ = അവരുടെ സന്തതികളും(സന്താന സൗഭാഗ്യത്തിലും)

إِنَّمَا يُرِيدُ ٱللَّهُ أَن يُعَذِّبَهُم = അല്ലാഹു ഉദ്ദേശിക്കുന്നത് അവരെ ശിക്ഷിക്കണമെന്നാകുന്നു بِهَا = അത്(സമ്പത്തും സന്തതികളും)കൊണ്ട്

فِى ٱلدُّنْيَا = ഇഹലോകത്ത് وَتَزْهَقَ أَنفُسُهُمْ = അവർ അവരുടെ ജീവൻ പുറപ്പെടുവിക്കണമെന്നും (ജീവനൊടുക്കണമെന്നുമാകുന്നു)

وَهُمْ كَٰفِرُونَ = അവർ സത്യനിഷേധികളായിരിക്കെ(തന്നെ) وَإِذَآ أُنزِلَتْ = ഇറക്കപ്പെട്ടാൽ(അവതരിച്ചാൽ) سُورَةٌ = ഒരു സൂറ

أَنْ ءَامِنُوا۟ = എന്തെന്നാൽ നിങ്ങൾ(നിഷ്കളങ്കമായി) വിശ്വസിക്കുവിൻ(വിശ്വസിക്കുകയും) بِٱللَّهِ = അല്ലാഹുവിൽ

وَجَٰهِدُوا۟ = നിങ്ങൾ ധർമസമരം ചെയ്യുവിൻ(സമരത്തിൽ ഏർപ്പെടുകയും ചെയ്യുവിൻ എന്നാഹ്വാനം ചെയ്യുന്ന)

مَعَ رَسُولِهِ = അവന്റെ(ദൈവ) ദൂതനോടൊപ്പം ٱسْتَـْٔذَنَكَ = നിന്നോടു വിടുതൽ തേടുകയായി

أُو۟لُوا۟ ٱلطَّوْلِ = കഴിവുള്ളവർ(ഒക്കെയും) مِنْهُمْ = അവരിൽപെട്ട وَقَالُوا۟ = അവർ പറയുകയും ചെയ്തു(അപേക്ഷിക്കുകയുമായി)

ذَرْنَا = ഞങ്ങളെ വിട്ടേക്കുക(അനുവദിക്കേണമേ) نَكُن = ഞങ്ങൾ ആയി(കഴിഞ്ഞു)കൊള്ളട്ടെ

مَّعَ ٱلْقَٰعِدِينَ = (സമരത്തിൽ പങ്കെടുക്കാതെ) ഇരിക്കുന്നവരോടൊപ്പം رَضُوا۟ = അവർ ഇഷ്ടപ്പെട്ടു(ട്ടത്)

بِأَن يَكُونُوا۟ = അവർ ആവാൻ(കഴിയാനാണ്)

مَعَ ٱلْخَوَالِفِ = പിന്നിൽ അവശേഷിച്ചവരോടൊപ്പം (സമരത്തിൽ പങ്കെടുക്കാനാവാത്ത അവശവിഭാഗത്തോടൊപ്പം)

وَطُبِعَ = മുദ്രയടിക്കപ്പെട്ടു(അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു) عَلَىٰ قُلُوبِهِمْ = അവരുടെ ഹൃദയങ്ങ(ൾ)ളിന്മേൽ

فَهُمْ = അതിനാൽ അവർ لَا يَفْقَهُونَ = (ഇനി യാതൊന്നും) മനസ്സിലാക്കുകയില്ല

**84:** ഈ സൂക്തം മുൻ സൂക്തത്തോടൊപ്പം അവതരിച്ചതാണെന്നും, അതല്ല തബൂക്കിൽനിന്ന് നബി(സ) തിരിച്ചെത്തിയ ശേഷം അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ മരണത്തെത്തുടർന്ന് അവതരിച്ചതാണെന്നും രണ്ടഭിപ്രായമുണ്ട്. നബി(സ) മുനാഫിഖുകളുടെ നേതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യിനു വേണ്ടി മയ്യിത്തു നമസ്കാരം നിർവഹിക്കുകയും അദ്ദേഹത്തിന്റെ ഖബറിനടുത്തുചെന്ന് പ്രാർഥിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രബലമായ റിപ്പോർട്ടുകൾ പറയുന്നു. അന്ന് ഈ സൂക്തം അവതരിച്ചിട്ടുണ്ടായിരുന്നില്ലെന്നു പറയുന്നതിന്റെ ന്യായമിതാണ്. സൂക്തം നേരത്തെ അവതരിച്ചിരുന്നുവെങ്കിലും അബ്ദുല്ലാഹിബ്നു ഉബയ്യ് ഒടുവിൽ തന്റെ കാപട്യത്തിൽനിന്ന് തൗബചെയ്ത് യഥാർഥ മുസ്‌ലിമായിത്തീർന്നിരുന്നു എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് നബി(സ) അദ്ദേഹത്തിനു വേണ്ടി മയ്യിത്ത് നമസ്കാരം നടത്തിയതെന്നും ഒരഭിപ്രായമുണ്ട്. നബി(സ) ഇബ്നു ഉബയ്യിനുവേണ്ടി മയ്യിത്തു നമസ്കരിക്കാൻ ഒരുങ്ങിയപ്പോൾ ജിബ്രീൽ വന്ന് ഈ സൂക്തം അവതരിപ്പിച്ച് അദ്ദേഹത്തെ അതിൽനിന്നു പിന്തിരിപ്പിച്ചു എന്നും ഒരു പ്രസ്താവമുണ്ട്. ഏതായാലും കപടവിശ്വാസി എന്നറിയപ്പെട്ടവർക്കു വേണ്ടി ഇസ്‌ലാമിക സമൂഹത്തിന്റെ നേതാവ് മയ്യിത്തു നമസ്കരിക്കുന്നത് ഈ സൂക്തം നിരോധിക്കുന്നു. 'നീ നമസ്കരിക്കരുത്, നീ പ്രാർഥിക്കരുത്' – لا تصل ولا تقم – എന്നിങ്ങനെ നിരോധം പ്രവാചകനെ സംബോധന ചെയ്തു പറഞ്ഞത് അത് സമൂഹ നേതൃത്വത്തിനുമാത്രം ബാധകമായ നിയമമായതുകൊണ്ടാണ്. സാധാരണഗതിയിൽ മുസ്‌ലിംകളായി അറിയപ്പെട്ട എല്ലാവർക്കുവേണ്ടിയും -അവർ കപടന്മാരാവട്ടെ തെമ്മാടികളാവട്ടെ- സമുദായം മയ്യിത്തു നമസ്കരിക്കണം. നന്നായി സംസ്കരിക്കുകയും വേണം. എന്നാൽ കപടവിശ്വാസികളെന്നോ തെമ്മാടികളെന്നോ അറിയപ്പെട്ടവർക്കുവേണ്ടി സമൂഹത്തിന്റെ നേതാവ് ഇതൊന്നും ചെയ്യരുത്. അത് അത്തരം ആളുകൾക്ക് മരണാനന്തരം നൽകുന്ന ഒരു ബഹുമതിയും അംഗീകാരവുമായിരിക്കും. അതിനാൽ അത്തരക്കാർ മരണപ്പെട്ടതായി അറിഞ്ഞാൽ, അവരുടെ ആളുകളോടു തന്നെ ആ മൃതദേഹം സംസ്കരിക്കാൻ കൽപിക്കുകയായിരുന്നു നബി(സ) ചെയ്തിരുന്നത്.

കപടവിശ്വാസികൾക്ക് ഇസ്‌ലാമിക സമൂഹത്തിൽ യാതൊരു വിലയുമില്ല എന്നു വ്യക്തമാക്കുന്നതിന്റെ ആത്യന്തിക രൂപമാണിത്. ഒരു വ്യക്തിക്ക് സമൂഹത്തോടുള്ള ബന്ധത്തിന്റെയും സമൂഹം അയാൾക്ക് കൽപിക്കുന്ന ആദരവിന്റെയും അവസാനത്തെ മാനദണ്ഡമാണ് അയാളുടെ മരണാനന്തര ചടങ്ങുകൾ. അതിൽ എത്രത്തോളം ആളുകൾ പങ്കെടുക്കുന്നു, ആരൊക്കെ നേതൃത്വം നൽകുന്നു, പ്രാർഥിക്കുന്നു എന്നത് അയാളുടെ പ്രാധാന്യത്തെയും മഹത്വത്തെയും വിളിച്ചോതുന്നു. ജീവിച്ചിരിക്കുമ്പോൾ വിശ്വാസത്തിൽ കാപട്യമനുവർത്തിക്കുകയും അവസരം കിട്ടുമ്പോഴൊക്കെ വിശ്വാസികളെയും വിശ്വാസത്തിന്റെ താൽപര്യങ്ങളെയും വഞ്ചിക്കുകയും ചെയ്തവർ, അന്യഥാ എത്ര സമ്പന്നരും പ്രമാണികളുമായാലും മരിച്ചുകഴിഞ്ഞാൽ അവർക്ക് വിശ്വാസത്തിന്റെയും ദീനിന്റെയും ആദരവും മഹത്വവും നൽകാൻ ഖുർആൻ അനുവദിക്കുന്നില്ല. അല്ലാഹുവിലും റസൂലിലും വിശ്വസിച്ചുകൊണ്ട് സന്മാർഗികളായി മരിക്കുന്നവർക്കുള്ളതാണ് വിശ്വാസി സമൂഹത്തിന്റെ ആദരവും അഭിവാദ്യവും. കപടവിശ്വാസികളാകട്ടെ, സത്യത്തിൽ അല്ലാഹുവിനെയും റസൂലിനെയും നിഷേധിച്ചവരും അധർമത്തിലാണ്ടവരായി മരിച്ചവരുമാണ്.

കപടവിശ്വാസികളല്ലാത്ത മുസ്‌ലിംകൾക്കുവേണ്ടി മയ്യിത്തു നമസ്കരിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതാണെന്നും ഈ സൂക്തത്തിൽനിന്ന് വ്യക്തമാകുന്നു. മയ്യിത്തു നമസ്കരിക്കേണ്ടതു നിർബന്ധ ബാധ്യത തന്നെയാണെന്ന് ഹദീസുകളിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്. وَلَا تَقُمْ عَلَىٰ قَبْرِهِۦٓ എന്നതിന്റെ പദാനുപദ തർജമ 'നീ അവന്റെ ഖബ്റിന്മേൽ നിൽക്കരുത്' എന്നാണ്. قيام (നിറുത്തം)ൽനിന്നുള്ള നിരോധ ക്രിയയാണ് لا تقم. പ്രാർഥന, നമസ്കാരം തുടങ്ങിയ അർഥങ്ങളിലും قيام ഉപയോഗി

ക്കും. قيام الليل നിശാനമസ്കാരമാണ്. പ്രാർഥനാ സ്ഥലം എന്ന അർഥത്തിൽ مقام ഉപയോഗിക്കുന്നു. കപടവിശ്വാസിയുടെ ഖബറിന്നടുത്തു ചെന്ന് അവന്റെ പാപമോചനത്തിനും സ്വർഗലബ്ധിക്കും വേണ്ടി പ്രവാചകൻ പ്രാർഥിക്കരുത് എന്നാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റു മുസ്‌ലിംകൾക്കുവേണ്ടി നേതാവും വിശ്വാസികളും അങ്ങനെ ചെയ്യുന്നത് സുന്നത്താണ്. അബൂദാവൂദും ബസ്സാറും ഉസ്മാൻ(റ)ൽനിന്ന് ഉദ്ധരിക്കുന്നു: നബി(സ) മയ്യിത്തുകൾ മറമാടുന്നതിൽനിന്നു വിരമിച്ചാൽ അതി(ഖബറി)ന്മേൽനിന്ന് ഇപ്രകാരം പറയാറുണ്ടായിരുന്നു:

إستغفروا لأخيكم وإسئلوا له التثبيت فانّه الآن يُسأل (നിങ്ങളുടെ സഹോദരനുവേണ്ടി പാപമോചനം തേടുവിൻ അദ്ദേഹത്തിനു തഥ്ബീത് (ഖബറിലെ ചോദ്യവേളയിൽ ദീനിന്റെ സുസ്ഥിര വചനത്തിൽ ഉറച്ചു നിൽക്കാനുള്ള ഉതവി) ചോദിക്കുവിൻ. അദ്ദേഹം ഇപ്പോൾ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്).

**85:** ഈ സൂറയിലെ 55-ാം സൂക്തം ലഘുവായ പാഠഭേദങ്ങളോടെ ആവർത്തിച്ചതാണ് ഈ സൂക്തം. അവിടെ ജീവിച്ചിരിക്കുന്ന കപടന്മാരെയാണ് മുഖ്യമായും ഉദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ഉദ്ദേശിക്കുന്നത് മുഖ്യമായും മരണപ്പെട്ട കപടന്മാരെയാണ്. കപടന്മാർ മരണപ്പെട്ടാൽ അവരുടെ സമ്പൽ സമൃദ്ധിയിലും ജനസ്വാധീനത്തിലും ആകൃഷ്ടരായി അവർക്കുവേണ്ടി പ്രാർഥിക്കുകയോ ദീനിയായ ആദരവ് നൽകുകയോ ചെയ്യേണ്ടതില്ല എന്നാണ് താൽപര്യം. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* അത്തൗബ 55-ാം സൂക്തത്തിനു താഴെ കാണുക.

**86,87:** നേരത്തെ 83-ാം സൂക്തത്തിൽ, പ്രവാചകൻ തബൂക്കിൽനിന്നു തിരിച്ചെത്തിയാൽ, അദ്ദേഹത്തോടൊപ്പം പോകാൻ കൂട്ടാക്കാതെ പിന്മാറിയ കപടവിശ്വാസികൾ വന്ന്, അടുത്ത സമര യാത്രയിൽ തങ്ങളെയും പങ്കെടുപ്പിക്കണമെന്ന് അഭ്യർഥിക്കുമെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ അഭ്യർഥനയുടെ യാഥാർഥ്യം തുറന്നു കാണിക്കുകയാണ് ഈ സൂക്തങ്ങൾ. പ്രവാചകനും സംഘവും തബൂക്കിലേക്ക് പുറപ്പെടുന്ന വേളയിൽ ദൈവികമാർഗത്തിൽ സമരംചെയ്യാൻ ഇറങ്ങിത്തിരിക്കുവിൻ എന്ന് ഖുർആൻ അവരെ ആഹ്വാനം ചെയ്തതായിരുന്നു. ഈ സൂറയുടെ 37 മുതൽ 41 വരെ സൂക്തങ്ങളിൽ ഈ ആഹ്വാനം വിശദമായി വന്നിട്ടുണ്ട്. വ്യാജമായ ഒഴികഴിവുകൾ നിരത്തി അവരെല്ലാം അതിൽനിന്ന് മാറിനിന്നു. ഇനിയും അത്തരം സാഹചര്യങ്ങൾ ഉളവാകുകയും ഖുർആൻ അവരോട് സമരാഹ്വാനം നടത്തുകയുമാണെങ്കിൽ അപ്പോഴും ഓരോ കാരണങ്ങൾ നിരത്തി സമരത്തിൽനിന്ന് മാറിനിൽക്കാനുള്ള അനുവാദം തേടിക്കൊണ്ട് അവരിൽ ആരോഗ്യവും കഴിവുമുള്ളവരൊക്കെ പ്രവാചകനെ സമീപിക്കുകയാണ് ചെയ്യുക. സമരത്തിൽ പങ്കെടുക്കാനാവാത്ത സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും ഒഴിവാക്കിയകൂട്ടത്തിൽ ഞങ്ങളെയും ഒഴിവാക്കണം എന്നായിരിക്കും അപ്പോഴും അവരുടെ അപേക്ഷ. അല്ലാതെ ഞങ്ങളും നിങ്ങളോടൊപ്പം സമരം ചെയ്യാം, അല്ലെങ്കിൽ ഞങ്ങളെയും സമരത്തിൽ പങ്കെടുക്കാൻ അനുവദിക്കണം എന്നവർ പറയില്ല.

ഇവിടെ 'സൂറ' എന്നുപറഞ്ഞത് ഏതെങ്കിലും പ്രത്യേക സൂറയെ ഉദ്ദേശിച്ചല്ല. ഒരു പുതിയ സൂറയെ ഉദ്ദേശിച്ചുമല്ല. അപ്രകാരം ആഹ്വാനം ചെയ്യുന്ന ഖുർആൻ വാക്യം എന്നേ വിവക്ഷയുള്ളൂ. ഖുർആനിലെ ഏതെങ്കിലും ഭാഗത്തെ മാത്രം ഉദ്ദേശിച്ച് 'ഖുർആൻ' എന്നും 'അൽകിതാബ്' എന്നും ഖുർആൻ പറയാറുണ്ട്. അതുപോലെ സൂറയുടെ ഭാഗമായിവരുന്ന വാക്യത്തെ ഉദ്ദേശിച്ചാണിവിടെ സൂറ എന്നു പറഞ്ഞിരിക്കുന്നത്. വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് വിശ്വസിക്കുവിൻ -ءَامِنُوٓا- എന്നു പറയുമ്പോൾ അർഥം, ദൃഢമായി വിശ്വസിക്കുവിൻ, ആത്മാർഥമായി വിശ്വസിക്കുവിൻ എന്നൊക്കെയാണ്. കപടവിശ്വാസികളെ സംബോധന ചെയ്യുമ്പോൾ കാപട്യമില്ലാതെ നിഷ്കളങ്കമായി വിശ്വസിക്കുവിൻ എന്നും. നിഷ്കളങ്കമായ വിശ്വാസത്തിന്റെ താൽപര്യമാണ് ദൈവികമാർഗത്തിലുള്ള ജിഹാദ്. അതു ധനംകൊണ്ടാവാം, ദേഹംകൊണ്ടാവാം, വിജ്ഞാനംകൊണ്ടാവാം, ആയുധം കൊണ്ടാവാം. പ്രവാചകൻ (ഇസ്‌ലാമിക നേതൃത്വം) ആവശ്യപ്പെടുന്ന ഏതു ജിഹാദിനും നിഷ്കളങ്ക വിശ്വാസി സന്നദ്ധനായിരിക്കും.

പക്ഷേ, കപടവിശ്വാസികൾ അത്തരം സന്ദർഭങ്ങളിൽ ഓരോ തട്ടിപ്പുകൾ പറഞ്ഞ് ജിഹാദിൽനിന്ന് ഒഴിഞ്ഞുമാറാനാണ് ശ്രമിക്കുക. അഥവാ ജിഹാദ് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ അതിൽനിന്ന് തന്ത്രപൂർവം ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നവർ കപടവിശ്വാസികളാണ്. സമരത്തിൽ പങ്കെടുക്കാൻ ന്യായമായ കാരണങ്ങളാൽ സാധ്യമല്ലാത്തവരുടെ കാര്യമല്ല, കഴിവും സൗകര്യവും ഉണ്ടായിട്ടും വ്യാജമായ ഒഴിവുകൾ നിരത്തി മാറിനിൽക്കുന്നവരുടെ കാര്യമാണ് പറയുന്നത്. أُوْلُوا۟ ٱلطَّوْلِ എന്നാണ് മൂലവാക്ക്. മലയാളത്തിലെ ഉറ്റ, ഉടയ തുടങ്ങിയ പദങ്ങൾ പോലെ സാന്നിധ്യത്തെയും ഉടമസ്ഥതയെയും സൂചിപ്പിക്കുന്നപദമാണ് أُوْلُوا۟. കരുത്തുറ്റവർ എന്ന അർഥത്തിൽ أولوا القوّة എന്നു പറയും. أُوْلُوا۟ ٱلْعَزْمِ ദൃഢനിശ്ചയമുള്ളവർ. أولوا الامر നേതൃത്വമുടയവർ. എല്ലാ അർഥത്തിലുമുള്ള പ്രാപ്തിയെ കുറിക്കുന്ന പദമാണ് ٱلطَّوْلِ. സമ്പത്തും ആരോഗ്യവും ആൾബലവും ആയുധ സൗകര്യവും എല്ലാം ഉള്ളവരാണ് ഇവിടെ أُوْلُوا۟ ٱلطَّوْلِ കൊണ്ട് ഉദ്ദേശിക്കുന്നത്. وذر (ഉപേക്ഷിച്ചു, വിട്ടുകളഞ്ഞു) എന്ന ക്രിയയുടെ ശാസനാരൂപമാണ് ذَرْ. സമരത്തിനു പോകാൻ നിർബന്ധിക്കാതെ ഞങ്ങളെ വീട്ടിലിരിക്കാൻ അനുവദിക്കുക എന്നാണ് ഇവിടെ ആശയം. നിഷ്ക്രിയരായി കുത്തിയിരിക്കുന്നവരാണ് قَاعِدُون. ഇവിടെ قَـٰٓئِمُونَ (നിൽക്കുന്നവർ)ന്റെ വിപരീതമാണിത്. مقامക്ക് ഒരുങ്ങി, പ്രവർത്തനനിരതനായി എന്നും അർഥമുണ്ട്. അതനുസരിച്ച് ഒരു കാര്യത്തിനു ഒരുങ്ങിയിറങ്ങിയവർ അല്ലെങ്കിൽ കർമനിരതർ ആണ് قَـٰٓئِمُونَ. പിന്മാറി നിഷ്ക്രിയരായിരിക്കുന്നവർ قَاعِدُون ഉം.

കപടന്മാർ പുറത്തുപറയുന്നതൊന്നുമല്ല അവരുടെ പിന്മാറ്റത്തിന്റെ യഥാർഥ കാരണം. സമരത്തിൽ പങ്കെടുക്കാൻ ശാരീരികാവശതകൊണ്ടോ യാത്രാ ഉപകരണങ്ങളുടെ അഭാവംകൊണ്ടോ സാധ്യമല്ലാത്ത സ്ത്രീകളെയും കുട്ടികളെയും പോലെ വീട്ടിൽ സുരക്ഷിതരായി കഴിയാനാണ് അവരിഷ്ടപ്പെടുന്നത്. ദീനിനുവേണ്ടിയോ സമുദായത്തിനുവേണ്ടിയോ ത്യാഗപരിശ്രമങ്ങളിലേർപ്പെടാൻ അവർക്ക് താൽപര്യമില്ല. എന്നല്ല, 81-ാം സൂക്തത്തിൽ വ്യക്തമാക്കിയ പോലെ അവർക്കതൊക്കെ വെറുപ്പാണ്- وَكَرِهُوٓا۟ أَن يُجَـٰهِدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ. ഈ വെറുപ്പ് അവരുടെ മനസ്സുകളിൽ ശാശ്വതമായ കാപട്യത്തെ കുടിയിരുത്തിയിരിക്കുന്നു. 77-ാം വാക്യത്തിലെ فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ (അത് അവരുടെ മനസ്സുകളിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്ന നാൾവരേക്കും കാപട്യത്തെ കുടിയിരുത്തിയിരിക്കുന്നു) എന്ന വാക്യത്തിന്റെ ആശയം തന്നെയാണ് ഈ സൂക്തത്തിലെ وَطُبِعَ عَلَىٰ قُلُوبِهِمْ എന്ന വാക്യത്തിനുമുള്ളത്. അന്ത്യനാൾവരെ അവരുടെ കാപട്യം നിലനിൽക്കുന്നതെങ്ങനെ എന്നുകൂടി ഇവിടെ فَهُمْ لَا يَفْقَهُونَ എന്ന വാക്യത്തിലൂടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. സത്യം ഗ്രഹിക്കണമെങ്കിൽ മനസ്സുതുറന്നുവെക്കണം. കപടതകൊണ്ട് അടച്ചുപൂട്ടിയ മനസ്സിലേക്ക് സത്യത്തിന്റെ വെളിച്ചം കടക്കുകയില്ല. ■